# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2885 — 15.02.2013 ൽ മറുപടിയ്ക്ക്

### സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്ക്കൂളുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ.എസ്. സലീഖ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്ത് ആകെഎത്ര സ്ക്കൂളുകൾ സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു; ഇതിൽ എത്രയെണ്ണമാണ് ലാഭകരമല്ലെന്ന് കണ്ടെത്തിയിട്ടുള്ളത്. സർക്കാർ / എയ്ഡഡ് എന്നിങ്ങനെ എത്രയെണ്ണമെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 4620 ഉം എയ്ഡഡ് മേഖലയിൽ 7161 ഉം ഉൾപ്പെടെ ആകെ 11781 സ്ക്കൂളുകൾ പ്രവർത്തിക്കുന്നു. സർക്കാർ മേഖലയിൽ 2271 ഉം എയ്ഡഡ് മേഖലയിൽ 2343 ഉം സ്ക്കൂളുകൾ ലാഭകരമല്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ലാഭകരമല്ലാത്തവയിൽ പ്രാഥമിക വിദ്യാലയങ്ങൾ എത്ര; പത്തിൽ താഴെ വിദ്യാർത്ഥികൾ ഉള്ള വിദ്യാലയങ്ങൾ എത്ര; 25 ൽ താഴെ വിദ്യാർത്ഥികൾ ഉള്ള വിദ്യാലയങ്ങൾ എത്ര; | (ബി) ലാഭകരമല്ലാത്തവയിൽ പ്രാഥമിക വിദ്യാലയങ്ങൾ 4408 എണ്ണം ഉണ്ട്. ഇതിൽ പത്തിൽ താഴെ കുട്ടികൾ ഉള്ള 60 സ്ക്കൂളുകളും 25 താഴെ വിദ്യാർത്ഥികൾ ഉള്ള 534 സ്ക്കൂളുകളും ഉണ്ട്. |
| (സി) | ലാഭകരമല്ലാത്ത സ്ക്കൂളുകളിലെ കുട്ടികളിൽ എത്ര ശതമാനം ദളിത് ആദിവാസി വിഭാഗത്തിൽ പ്പെട്ടതാണെന്നും ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന സർക്കാർ എയ്ഡഡ് സ്ക്കൂളുകൾ ഏറ്റവും കൂടുതൽ ഏത് ജില്ലയിലാണെന്നും വ്യക്തമാക്കുമോ? | (സി) ലാഭകരമല്ലാത്ത സ്ക്കൂളുകളിലെ കുട്ടികളിൽ 6.72% ആദിവാസി-വിഭാഗത്തിൽപ്പെട്ടതാണ്. ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന സർക്കാർ-എയ്ഡഡ് സ്ക്കൂളുകൾ കൂടുതൽ കണ്ണൂർ ജില്ലയിലാണ്. |
| (ഡി) | സംസ്ഥാനത്തെ മുഴുവൻ സ്ക്കൂൾ വിദ്യാർത്ഥികൾക്കും 2013 മാർച്ചിനുള്ളിൽ ഏകീകൃത തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുമെന്ന പ്രഖ്യാപനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (ഡി) 2013 മാർച്ച് 31 - നകം സംസ്ഥാനത്തെ മുഴുവൻ സ്ക്കൂൾ വിദ്യാർത്ഥികൾക്കും ഏകീകൃത തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. |
| (ഇ) | ഏരിയ ഇന്റൻസീവ് പദ്ധതിക്കു കീഴിലുള്ള മലബാറിലെ 33 സ്ക്കൂളുകൾക്ക് എയ്ഡഡ് പദവി നൽകണമെന്ന ഒരു വിഭാഗത്തിന്റെ ആവശ്യത്തിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഇ) ഈ വിഷയം പരിശോധിച്ചു വരുന്നു. |

Sd/

സെക്ഷൻ ഓഫീസർ